പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ : 3427 — 23.06.2014 ൽ മറുപടിക്ക്

## പോലീസ് സർവ്വകലാശാലയുടെ പ്രയോജനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.എൻ.എ. ഖാദർ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) പോലീസ് സർവ്വകലാശാല സംബന്ധിച്ച് നിയോഗിക്കപ്പെട്ടിട്ടുള്ള എൻ. ആർ. മാധവമേനോൻ കമ്മീഷന്റെ ശുപാർശകൾ എന്തെല്ലാമാണ്; | (എ) കമ്മീഷൻ ശുപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടില്ല. |
| (ബി) സർവ്വകാലാശാല കൊണ്ട് ഏതെല്ലാം വിധത്തിലുള്ള പ്രയോജനം സേനകൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്; | (ബി) ആഭ്യന്തരസുരക്ഷയും, പോലീസ് പഠനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദവും ബിരുദാനന്തരബിരുദവും ഗവേഷണവും പരിശീലനവുമാണ് ഈ സർവകലാശാലയിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്. പോലീസ് സേനകളുടെ പരിശീലനവും ഇവിടെ ലഭ്യമാകുന്നതാണ്. |
| (സി) ഏതെല്ലാം പുതിയ വിഷയങ്ങളിൽ ബിരുദ-ബിരുദാനന്തര പഠനങ്ങൾ പുതുതായി ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്; | (സി) മുതൽ (ഇ) വരെ പോലീസിംഗും ഫോറൻസിക് സയൻസുമാണ് പ്രസ്തുത യൂണിവേഴ്സിറ്റിയുടെ പഠന വിഷയമായി വരുന്നത്. ഇത് സംബന്ധിച്ചുള്ള കരട് ബിൽ തയ്യാറാക്കുന്ന നടപടി പ്രാരംഭഘട്ടത്തിലാണ്. |
| (ഡി) ഇത്തരം സർവ്വകലാശാലകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മറ്റുരാഷ്ട്രങ്ങളിലേയും സംസ്ഥാനങ്ങളിലേയും അനുഭവങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; | |
| (ഇ) എന്നു മുതലാണ് സർവ്വകലാശാല പ്രവർത്തനം ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻഓഫീസർ